ഇ1 - 3828/91

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ആഫീസർ
സെൻട്രൽ സർക്കിൾ, തൃശ്ശൂർ - 20

തീയതി 27--7--1991

# സർക്കുലർ 5/91

പാർലമെന്റ്, അസംബ്ലി ഇലക്ഷനുകളുടെ ഭാഗമായി സർക്കാർ ഉദ്യോഗസ്ഥൻമാരെ വിവിധ ഡ്യൂട്ടിയ്ക്കായി നിയോഗിക്കാറുണ്ടല്ലോ. സാധാരണ ഡ്യൂട്ടിക്കിടയിൽ ഇലക്ഷൻ ജോലികളിൽ ഭാഗധേയത്വം വഹിക്കേണ്ടത് സർക്കാർ ജജീവനക്കാരുടെ ചുമതലയാണ്.യാതൊരു കാരണവശാലും അത്തു സന്ദർഭവങ്ങളിൽ യാതൊരാളേയും ഡ്യൂട്ടിയിൽനിന്ന് ഒഴിവാക്കാൻ പാടുള്ളതല്ല.

സാധാരണയായി ഇലക്ഷനോടുനുബന്ധിച്ചുണ്ടാകുന്ന വർദ്ധിച്ച ക്രമസമാധാനം പാലനത്തിനും. സംരക്ഷണ പ്രവർത്തനങ്ങൾക്കും നിലവിലുള്ള പോലീസ് സംവിധാനം മതിയാകാതെ വരുംപോൾ മറ്റു തലങ്ങളിൽ നിന്നും മേപ്പടി കുറവ് നികത്തുന്നതിന്റ ഭാഗമായി ഫോറസ്റ്റ് പ്രൊട്ടക്റ്റീവ് സറ്റാഫിനേയും നിയോഗിക്കാറുണ്ട്. പരമാവധി വനം സംരക്ഷണ ജീവനക്കാരെ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടാലും പല ഒഴിവുകൾ പറഞ്ഞു പലപോഴും ആവല്യത്തിനു സ്റ്റാഫിനെ വിട്ടുകൊടുക്കാൻ കഴിയാതെ വരാറുണ്ട്. ഈ പ്രവണത ശരിയല്ല. പോളിംഗ് ഡ്യൂട്ടിക്ക് നിയോഗിക്കുന്ന സാധാരണ സർക്കാർ ജീവനക്കരുടെ കൂടെ വനസംരക്ഷണ ജീവനക്കാരേയും ഉൾപ്പെടുത്തി അവരേയും പോളിംഗ് ഡ്യൂട്ടിക്ക് നിയോഗിക്കുന്നതായും കണ്ടു വരുന്നു. വിലപിടിപ്പുള്ളതും, സംരക്ഷ്ണം ഏറെ വേണ്ടതുമായ വനസം ത്ത് കാത്തു സുക്ഷി്ക്കുന്നതിനും ഒപ്പം തന്നെ മേൽപ്പറഞ്ഞ സന്നിഗ്ദ ഘട്ടങ്ങളിൽ മറ്റു ജോലികൾ നിർവാഹമ്മുള്ളു എന്നതുകൊണ്ടു വനസംരക്ഷ്ണത്തിനു വേണ്ടി നാമ്മാത്രമായ ജീവനക്കാരെ പോലും ലഭിക്കാതേയും വരുന്നു. ക്രമസമാധാനം, സ ംരക്ഷണം പ്രവർത്തനം എന്നീ ജോലികൾക്ക് യൂണിഫോമുള്ളതും. ട്രെനിംഗ് നേടിയിട്ടുള്ളതുമായ ജീവനക്കാരെ മാത്രമെനിയോഗിക്കാൻ നിർവാഹമുള്ളു എന്നതുകൊണ്ടു വനസംരക്ഷണ ജീവനക്കാരെ പോളിംഗ് ഡ്യൂട്ടികൾക്ക് മേലിൽ നിയോഗിക്കേണ്ടതില്ല. ഭാവിയിൽ ഇലക്ഷൻ ഡ്യൂട്ടിക്ക് നിയോഗിക്കേണ് ആവശ്യത്തിലേക്കായി ജില്ലാ കലക്ടർമാർ ജീനലക്കാരുടെ ലിസ്റ്റു ആവശ്യപ്പെടുംപോൾ ഡെപ്യൂട്ടി റെയിഞ്ചിർ, ഫോറസ്റ്റ്, ഗാർഡ്, വാച്ചർ എന്നീ തസ്തികയിലുള്ള ജീവനക്കാരുടെ പേരും വിവരം ഒഴിനാക്കുകയും ടി ജീവനക്കാരെ വനസംരക്ഷണത്തിനും, ഇലക്ഷൻ ബന്ദൊബസ്ത് ഡ്യൂട്ടിക്കി നിയോഗിക്കേണ്ടതുള്ളതുംകൊണ്ടടു ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല എന്ന് അറിയിക്കുകയും ചെയ്താൽ മതി. മേലിൽ മറ്റൊരു നിർദ്ദേശം ഉണ്ടാകുംവരെ വസദരക്ഷണ ജീവനക്കാരെ പോളിംഗ് ഡ്യൂട്ടിക്ക് നിയോഗിക്കരുത്.

കൺസർവേറ്റർ ഓഫ് ഫോറസ്റ്റു

തൃശ്ശൂർ

പകർപ്പ്:

എല്ലാ ഡിവിഷണൽ ഫോറസ്റ്റാഫീസർമാർക്കും/ റെയിഞ്ചാഫീസർമാർക്കും സ്റ്റോക്ക് ഫയർ/ ഇ2 സെക്ഷൻ